(ബി) സ്വകാര്യ ഏജൻസികൾക്ക് സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥകൾ ഒന്നുമില്ല.

59 (1706) തൊഴിൽ വകുപ്പ് പുന:സംഘടിപ്പിക്കാൻ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പുന: സംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പുന:സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവോ?

ഉത്തരം

(എ)&(ബി) 23.1.95-ലെ ജി.ഓ. (എം. എസ്)7/95/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ, തൊഴിൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി പത്തനംതിട്ട, ഇടുക്കി, വയനാട്, എന്നീ ജില്ലകളിൽ ഓരോ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉദിക്കുന്നില്ല.

60 (1707) തൊഴിൽമേഖലയിൽ ശാന്തമായ അവസരവും അന്തരീക്ഷവും സൃഷ്ടിക്കുവാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ശാന്തമായ അവസരവും അന്തരീക്ഷവും സൃഷ്ടിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും നിർമ്മാണ മേഖലയിൽ തൊഴിൽ തർക്കങ്ങളോ സമരങ്ങളോ നടന്നിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ ഏതെങ്കിലും നിർമ്മാണമേഖലയിൽ തൊഴിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംഘടിതവും അസംഘടിതവും ആയ തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ സമയോചിത ഇടപെടലുകളിലൂടെ ഫലപ്രദമായി പരിഹാരം കാണുന്നുണ്ട്. തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിലെ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാർ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി ചർച്ചയിലൂടെ

LIBRARY ARCHIVES Kerala Legislative Assembly